# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4382 — 17.12.2014 ൽ മറുപടിക്ക്

## കാരുണ്യചികിത്സാധനസഹായ പദ്ധതി തൃശ്ശൂർ മെഡിക്കൽ കോളേജിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കാരുണ്യചികിത്സാധനസഹായ പദ്ധതി പ്രകാരം തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിലെ രോഗികൾക്ക് അനുവദിച്ച തുകയുടെ യഥാർത്ഥ ചെലവ് കഴിഞ്ഞുള്ള ബാക്കി തുക മടക്കി അയയ്ക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സ തേടുന്ന ക്യാൻസർ വൃക്ക രോഗികൾക്ക് ദീർഘകാലത്തെ ചികിത്സ ആവശ്യമായതിനാൽ ടി രോഗികൾക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നല്കുവാൻ കാലതാമസം അനുഭവപ്പെടാറുണ്ട്. കൂടാതെ രോഗികൾ മരണപ്പെടുന്ന അവസരങ്ങളിൽ ടി വിവരം ഈ ആശുപത്രിയിൽ യഥാസമയം അറിയിക്കുവാനും രോഗികളുടെ ബന്ധുക്കൾ തയ്യാറാകുന്നുമില്ല. അറിയുന്ന മുറയ്ക്ക് മരിച്ചവരുടെ തുക തിരിച്ച് നല്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതു കാരണം മറ്റ് സ്ഥാപനങ്ങളിൽ നിന്നും തുടർചികിത്സ തേടുന്ന രോഗികൾക്ക് അർഹതപ്പെട്ട ധനസഹായം ലഭിക്കാതിരിക്കുന്ന സാഹചര്യം പരിശോധിക്കുമോ; | (ബി) മറ്റ് സ്ഥാപനങ്ങളിൽ തുടർ ചികിത്സ ആരംഭിക്കുമ്പോൾ ടി രോഗിക്ക് പുതിയ അപേക്ഷ നല്കാവുന്നതാണ്. ആയതിനാൽ തുടർ ചികിത്സയ്ക്ക് തടസ്സങ്ങൾ ഉണ്ടാകാറില്ല. |
| (സി) തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രി ആഫീസിൽ നിന്നും രോഗികൾക്ക് യഥാർത്ഥ ചികിത്സാചെലവ് കഴിച്ചുള്ള ബാക്കി തുക, അത് അനുവദിക്കുന്ന പദ്ധതി ആഫീസിലേയ്ക്ക് കാലതാമസം കൂടാതെ മടക്കി നല്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) കാലതാമസം കൂടാതെ തുക മടക്കി നല്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ